"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- മലപ്പുറം പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ. പാപ്പൻ സി.,തിരുത്തൻ കുലത്ത് ഹൗസ്, പരുത്തിക്കോടിന്റെ വീടിന്, അനിവാര്യ സുരക്ഷാ നടപടികൾ സ്വീകരിക്കാൻ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1481/2025/LSGD തീയതി,തിരുവനന്തപുരം, 17-06-2025

---

പരാമർശം:-
1. പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 07.02.2024 തീയതിയിലെ 1/1 (7) നമ്പർ തീരുമാനം
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.04.2025 ലെ LSGD/PD/11187/2025-DPLA5 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ. പാപ്പൻ സി.,തിരുത്തൻ കുലത്ത് ഹൗസ്, പരുത്തിക്കോട് എന്നവരുടെ വീടിനു പിറകിലെ താഴ്ഭാഗം പടുത്തുയർത്തി വീടിന് സുരക്ഷ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നവകേരള സദസ്സിൽ ലഭിച്ച അപേക്ഷയിന്മേൽ പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ നിന്നും പരിശോധന നടത്തി 3,50,000/- രൂപ ചെലവ് വരുമെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. സ്വകാര്യ മേഖലയിലുള്ള പ്രവൃത്തി ആയതിനാലും അപേക്ഷകൻ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തി ആയതിനാലും ടി പ്രവൃത്തി ചെയ്യുന്നതിന് സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിക്കുവാൻ പരാമർശം 1 പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. ടിയാന്റെ അപേക്ഷയിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിന് പരാമർശം 2 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാങ്കേതിക പരിശോധനാ റിപ്പോർട്ടിനു വിധേയമായി, മലപ്പുറം പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ. പാപ്പൻ സി.,തിരുത്തൻ കുലത്ത് ഹൗസ്, പരുത്തിക്കോടിന്റെ വീടിന്, അനിവാര്യ സുരക്ഷാ നടപടികൾ സ്വീകരിക്കാൻ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്തിരുവനന്തപുരം
സെക്രട്ടറി, പള്ളിക്കൽ ഗ്രാമപഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 17-06-2025 16:46:28
സെക്ഷൻ ഓഫീസർ